(ബി) കാട്ടാമ്പള്ളി ഡാമിൽ നിന്നും അനധികൃതമായി മണൽ വാരുന്നത് ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും തഹസിൽദാർ, സബ് ഇൻസ്പെക്ടർ, ഇറിഗേഷൻ ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ നേതൃത്വത്തിൽ പരിശോധന നടത്താറുണ്ട്.

(സി) ജില്ലയിൽ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ അനുസരിച്ച് മണൽ വാരൽ തടയുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

ജലനിധി രണ്ടാം ഘട്ട പദ്ധതി

60 (2158) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ജലനിധി രണ്ടാം ഘട്ട പദ്ധതിക്ക് ആകെ എത്ര കോടി രൂപ ചെലവിടേണ്ടിവരുമെന്നാണ് കണക്കാക്കുന്നത് ;

(ബി) ലോകബാങ്കിൽ നിന്നും ഈ സ്കീമിന് എന്തു തുക ലഭ്യമാക്കുമെന്നാണ് കരുതുന്നത് ;

(സി) ജലനിധി രണ്ടാം ഘട്ട പദ്ധതിയുടെ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ജലനിധി രണ്ടാം ഘട്ട പദ്ധതിക്ക് ആകെ 1000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) ലോകബാങ്കിൽ നിന്നും 700 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇതുവരെ തുകയൊന്നും ലോകബാങ്കിൽ നിന്നും ലഭിച്ചിട്ടില്ല. ബാങ്കുമായി ചർച്ചകൾ നടന്നുവരികയാണ്. 2011 മുതൽ അഞ്ച് വർഷത്തേക്കാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

അരുവിക്കരയിൽ നിന്നും വെള്ളം കൊണ്ടുവരുന്ന പൈപ്പ് ലൈൻ പൊട്ടുന്നത് തടയാൻ നടപടി

61 (2159) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തിരുവനന്തപുരത്തിലും പ്രാന്തപ്രദേശങ്ങളിലും കുടിവെള്ളം നൽകുന്നതിനായി അരുവിക്കരയിൽ നിന്നും വെള്ളം കൊണ്ടുവരുന്ന പൈപ്പ് ലൈൻ എത്ര

LIBRARY ARCHIVES Kerala Legislative Assembly

പ്രാവശ്യം പൊട്ടിയിട്ടുണ്ടെന്നും പൊട്ടിയ പൈപ്പുലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി എത്ര തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പൈപ്പ് പൊട്ടൽ ഒരു സ്ഥിരം സംഭവമായി മാറുന്നത് തടയുന്നതിനായി എന്തെല്ലാം സുരക്ഷാ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പൈപ്പ് ലൈൻ കടന്നു പോകുന്ന പ്രദേശം സുരക്ഷിത മേഖലയായി സൂക്ഷിക്കാനും പൈപ്പ് ലൈനിന്റെ വാൽവ് ഓപ്പറേറ്റ് ചെയ്യുന്നതിനായി പരിചയസമ്പന്നരായ ജീവനക്കാരെ നിയമിക്കാനും ഉള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കരയ്ക്കും പേരൂർക്കടയ്ക്കും ഇടയിൽ മെയിൻ പൈപ്പ് ലൈനിൽ 16 പ്രാവശ്യം പൊട്ടൽ ഉണ്ടായിട്ടുണ്ട്. ഇതിന്റെ അറ്റകുറ്റപ്പണികൾക്കായി പുതിയതായി സ്ഥാപിക്കുന്ന പൈപ്പിന്റെ വില ഉൾപ്പെടെ 98 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) പൈപ്പ് ലൈനുകളുടെ സുരക്ഷ പരിരക്ഷിക്കുന്നതിലേയ്ക്കായി നിന്തരമായ ലൈൻ വാച്ചിംഗ്, എയർവാൽവുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കാൻ തുടങ്ങിയ പണികൾ കാര്യക്ഷമമായി ചെയ്ത് കൊണ്ടിരിക്കുന്നു.

(സി) പൈപ്പ് ലൈൻ കടന്നു പോകുന്ന പ്രദേശം സുരക്ഷിത മേഖലയായി തന്നെയാണ് സൂക്ഷിച്ചിരിക്കുന്നത്. പരിചയസമ്പന്നരായ ജീവനക്കാർ തന്നെയാണ് വാൽവ് ഓപ്പറേറ്റ് ചെയ്യുന്നത്.

വാട്ടർ അതോറിറ്റിയുടെ മിനറൽ വാട്ടർ പ്ലാന്റിന്റെ നിർമ്മാണം

62 (2160) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയുടെ മിനറൽ വാട്ടർ പി.വി.സി. പൈപ്പ് ഫാക്ടറികളുടെ അടിസ്ഥാന സൗകര്യവികസനവും കെട്ടിട നിർമ്മാണവും നടക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കുമോ :

(ബി) വാട്ടർ അതോറിറ്റിയുടെ മിനറൽ വാട്ടർപ്ലാന്റിന്റെ നിർമ്മാണം ഏതു കരാറുകാരനാണ് നൽകിയതെന്നും കരാർ തുക എത്രയെന്നും വ്യക്തമാക്കുമോ :

(സി) പദ്ധതിയുടെ കെട്ടിട നിർമ്മാണം എത്ര ശതമാനം പൂർത്തിയായി കരാറുകാരന് എത്ര രൂപ പാർട്ട് പേമെന്റ് നൽകി ;

(ഡി) പ്രസ്തുത പദ്ധതി 2010 മാർച്ച് 31-നു മുമ്പ് കമ്മീഷൻ ചെയ്യാൻ സാധിക്കുമോ എന്നും ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly